## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4875 23.03.2018-ൽ മറുപടിയ്ക്ക്

### ഗദ്ദിക പരിപാടി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സ്ഥലങ്ങളിലാണ് ഗദ്ദിക പരിപാടി നടത്തിയതെന്നറിയിക്കാമോ; പരിപാടിയിലൂടെ എത്ര തുകയാണ് വിറ്റുവരവായി ലഭിച്ചിട്ടുള്ളത്; | (എ) | 1. 2016 ഡിസംബർ 19 മുതൽ 28 വരെ പാലക്കാട് വടക്കാഞ്ചേരിയിൽ മംഗലംപാലത്തിനു സമീപത്തുള്ള മൈതാനം.<br>2. 2017 ജനുവരി 21 മുതൽ 30 വരെ കോഴിക്കോട് ജില്ലയിലെ വളയം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ.<br>3. 2017 ഒക്ടോബർ 23 മുതൽ നവംബർ 1 വരെ കൊല്ലം പത്തനാപുരം മഞ്ചള്ളൂർ.<br>4. 2018 ജനുവരി 11 മുതൽ 20 വരെ മലപ്പുറം ജില്ലയിലെ പൊന്നാനി AVHSS ഗ്രൗണ്ട് എന്നിവിടങ്ങളിൽ വെച്ച് 'ഗദ്ദിക' നടത്തുകയുണ്ടായി. 4 പരിപാടിയിലും കൂടി ഏകദേശം ഒന്നരകോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുള്ളതായി കണക്കാക്കുന്നു. |
| (ബി) | ഗദ്ദിക പരിപാടിയിലൂടെ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ഏതൊക്കെ തരത്തിലുള്ള വികസനമാണ് ലക്ഷ്യമിടുന്നതെന്നറിയിക്കാമോ; | (ബി) | അന്യം നിന്നു കൊണ്ടിരിക്കുന്ന ഗോത്രവർഗ്ഗ പൈതൃകവും തനതു കലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും, പൈതൃകമായി പകർന്നു കിട്ടിയ വൈദ്യ ചികിത്സാ രീതികളും പരമ്പരാഗത തൊഴിൽ ഉൽപന്നങ്ങളും പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക ലക്ഷ്യമിടുന്നത്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വ്യക്തിഗതമായോ, കൂട്ടുസംരംഭങ്ങളായോ, കുടുംബശ്രീ അയൽക്കൂട്ടങ്ങളായോ, സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും വിറ്റഴിക്കുകയും ചെയ്യുന്നു. |
| (സി) | ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ അടുത്ത വർഷം ബാലുശ്ശേരിയിൽ ഗദ്ദിക പരിപാടി നടത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ